**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1664** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ് കാരണം പൊതുജനങ്ങൾക്ക് ലഭ്യമാവേണ്ട സേവനങ്ങൾക്കും വികസന പദ്ധതികൾക്കും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയും സേവനമേഖലകളും സമീപകാലത്തായി ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ, ഇതിനനുസൃതമായ ജീവനക്കാരെ നിയമിക്കുന്നതിലോ, നിലവിലുള്ള ജീവനക്കാരുടെ എണ്ണം പുനർനിർണ്ണയിക്കുന്നതിലോ കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല.

സംസ്ഥാനത്തെ ജനസംഖ്യയിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടും, അതിനനുസരിച്ച് തദ്ദേശ സ്ഥാപനങ്ങളിലെ തസ്തികകൾ വർദ്ധിപ്പിച്ചിട്ടില്ല. ജനസാന്ദ്രതയേറിയ പഞ്ചായത്തുകളിൽ സേവനത്തിനായിയെത്തുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. നിലവിലെ സ്റ്റാഫ് പാറ്റേൺ കാലഹരണപ്പെട്ടതാണെന്ന വസ്തുത കണക്കിലെടുത്ത്, ജനസംഖ്യാടിസ്ഥാനത്തിൽ ജീവനക്കാരുടെ എണ്ണം പുനർനിർണയിക്കേണ്ടത് അനിവാര്യമാണ് എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കൂത്തുപറമ്പ്, പാനൂർ നഗരസഭകളിലും കുന്നോത്തുപറമ്പ്, തൃപ്രങ്ങോട്ടൂർ തുടങ്ങിയ പഞ്ചായത്തുകളിലും എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഉൾപ്പെടെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** കൂത്തുപറമ്പ് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിലെ സ്റ്റാഫ് സ്ട്രെങ്ത്ത് അനുസരിച്ച് ജീവനക്കാരുടെ കുറവ് ഇല്ല. കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയറുടെ ഒഴിവ് നിലവിലുള്ളതിനാൽ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥന് അധികച്ചുമതല നൽകിയും , പാനൂർ നഗരസഭയിൽ ഓവർസിയർമാരുടെ ഒഴിവ് നിലവിലുള്ളതിനാൽ നിലവിലുള്ള ജീവനക്കാർക്ക് അധികച്ചുമതല നൽകിയുമാണ് നിലവിൽ പ്രവൃത്തികൾ നിർവഹിച്ചു വരുന്നത്.

അർഹരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം വഴിയും , പി.എസ്.സി-യിൽ നിന്ന് നിയമനശിപാർശ ലഭിക്കുന്ന മുറയ്ക്കും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് .

**സെക്ഷൻ ഓഫീസർ**